# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടന്ന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-10/498/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 03/09/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടന്ന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടന്ന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടന്ന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-10/498/2021 തീയ്യതി: 03/09/2021

# കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി എൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ്കുമാർ സി : ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ് : അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ എം : സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിന്ദു വി വി : ഓഡിറ്റർ
ഹരി വേണുഗോപാലൻ കെ വി : ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഫൗസിയ.പി.സി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| നിർമ്മല.പി.വി | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനയരാജ്.കെ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| വഹീദ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 29-07-2019 |
| അനിത.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 29-07-2019 | 31-03-2020 |
| അമ്പുജാക്ഷൻ.ടി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| പ്രകാശൻ.എം.വി | വി.ഇ.ഒ - പടന്ന സർക്കിൾ | 01-04-2019 | 28-06-2019 |
| രമേശൻ.എം | വി.ഇ.ഒ - പടന്ന സർക്കിൾ | 28-06-2019 | 31-03-2020 |
| സമീറ എ | വി.ഇ.ഒ - ഉദിനൂർ സർക്കിൾ | 01-04-2019 | 15-10-2019 |
| ജേക്കബ് ഉലഹന്നാൻ | വി.ഇ.ഒ - ഉദിനൂർ സർക്കിൾ | 15-10-2019 | 31-03-2020 |
| രാജൻ.ടി.പി | പ്രധാനാധ്യാപകൻ | 01-04-2019 | 09-07-2019 |
| ബാലകൃഷ്ണൻ നാരോത്ത് | പ്രധാനാധ്യാപകൻ | 09-07-2019 | 31-03-2020 |
| ഡോ.കെ. ശ്രീവിദ്യാ നമ്പ്യാർ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.അമ്പിളി ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ - അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ.നിഷ കെ.വി. | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.സുജയ നായർ | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2019 | 31-05-2019 |
| ഡോ.നാദിറ.എ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-06-2019 | 31-03-2020 |
| ലത.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| വേണുഗോപാലൻ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ<br>Written By: Sunilkumar. M (Senior Grade Auditor, On 29-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 30-07-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 30-07-2021) | 1-2-1 |
| 4 | റീക്കൺസിലിയേഷൻ പത്രികയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-2-2 |
| 5 | ജേർണൽ ബുക്കിന്റെ പരിശോധനയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-2-3 |
| 6 | വാർഷിക കണക്കുകളിലെ ന്യൂനതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-2-4 |
| 7 | ചെലവിന്റെ കണക്കുകളിലെ വ്യത്യാസത്തിന് വിശദീകരണം നല്കിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-2-5 |
| 8 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 31-07-2021) | 1-2-6 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 31-07-2021) | 1-2-7 |
| 10 | ബാലൻസ് ഷീറ്റിലെ പ്രധാന അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-2-8 |
| 11 | രജിസ്റ്ററുകൾ വേണ്ട വിധം പരിപാലിച്ചിട്ടില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-2-9 |
| 12 | പ്രതിമാസ അക്കൗണ്ടുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്തിട്ടില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 03-08-2021) | 1-2-10 |
| 13 | സാമ്പത്തിക വിശകലനം<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-3 |
| 14 | വിവിധ ഫണ്ടുകളുടെ വിനിയോഗം<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-4 |
| 15 | പദ്ധതി അവലോകനം<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 03-08-2021) | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-6 |

| | | |
|---|---|---|
| 17 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 01-08-2021) | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bindu.V.V (Auditor, On 01-08-2021)<br>Last Updated By: Bindu.V.V (Auditor, On 01-08-2021) | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-9 |
| 20 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 03-08-2021) | 1-10 |
| 21 | ഓഡിറ്റ് റിപ്പോർട്ട്- ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച.<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-11 |
| 22 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 31-07-2021)<br>Last Updated By: Hari Venugopalan K V (Auditor, On 31-07-2021) | 1-12 |
| 23 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതിഈടാക്കുന്നില്ല.<br>Written By: Hari Venugopalan K V (Auditor, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-13 |
| 24 | കളക്ഷൻ തുക ഒടുക്കുന്നതിൽ കാലതാമസം<br>Written By: Bindu.V.V (Auditor, On 29-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-08-2021) | 1-14 |
| 25 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-15 |
| 26 | പുഴ പുറമ്പോക്ക് ആസ്തികളെ സംബന്ധിച്ച രേഖകളില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 01-08-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 01-08-2021) | 1-16 |
| 27 | പ്രൊബേഷൻ -ഇൻക്രിമെന്റ് അനുവദിച്ചതിലെ അപാകത.<br>Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-17 |
| 28 | കാർഷിക മേഖലയിലെ പദ്ധതികൾ- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-18 |
| 29 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-19 |
| 30 | തുല്യത പരീക്ഷ - രജിസ്ട്രേഷൻ, കോഴ്സ് ഫീസ് നല്കൽ-അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 1-20 |
| 31 | ആർജിത അവധി കണക്കിൽ അപാകത.<br>Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 03-08-2021) | 1-21 |
| 32 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 1-22 |

| | | |
|---|---|---|
| | Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 03-08-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sunilkumar. M (Senior Grade Auditor, On 25-07-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 25-07-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-07-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 31-07-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-07-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 31-07-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sunilkumar. M (Senior Grade Auditor, On 25-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൽ<br>Written By: Vinoth Kumar C (Audit Officer, On 27-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 27-07-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-07-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 31-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 02-08-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 04-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീറ്റ് & പേയ്മെന്റ് പത്രിക | |
| 3 | ഇൻകം & എക്സ്പെഡിച്ചർ പത്രിക | |
| 4 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 3/1; Dtd. 25/2/19 | 1/1; Dtd. 26/2/20 |
| മുന്നിരിപ്പ് | 1,05,99,235 | 1,55,30,990 |
| വരവ് | 12,62,89,000 | 12,67,00,031 |
| ആകെ | 13,68,88,235 | 14,22,31,021 |
| ചെലവ് | 10,55,12,180 | 11,08,55,802 |
| നീക്കിയിരിപ്പ് | 3,13,76,055 | 3,13,75,219 |

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ

പടന്ന ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രിക 15.06.2020-ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾ, കണക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധന തുടങ്ങിയ പ്രധാന നിരീക്ഷണങ്ങൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

### 1-2-2 റീക്കൺസിലിയേഷൻ പത്രികയിലെ അപാകതകൾ

1). കേരള ഗ്രാമീൺ ബാങ്കിലെ പ്ലാൻ ഫണ്ട് അക്കൗണ്ട് നം. 4143- ന്റെ മാർച്ച് 2020 മാസത്തെ റീക്കൺസിലിയേഷൻ പത്രിക തെറ്റാണ്. വാർഷിക കണക്കുകൾ പ്രകാരം 31.03.2020-ലെ നീക്കിയിരിപ്പ് 32,07,555 രൂപയാണ്. റീക്കൺസിലിയേഷൻ പത്രികയിൽ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പായി രേഖപ്പെടുത്തിയതും ഇതേ തുകയാണ്. എന്നാൽ 31.03.2020-ലെ പാസ്സ് ബുക്ക് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പ് 32,41,980 രൂപയാണ്.

2). റീക്കൺസിലിയേഷൻ പത്രികയിൽ ഒരു വർഷം പഴക്കമുള്ള ചെക്കുകളും ചേർത്തു കാണുന്നു. പടന്ന സർവ്വീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് 55(450230101) അക്കൗണ്ടിന്റെ 31.03.2020 ലെ റിക്കൺസിലിയേഷൻ പത്രികയിൽ Cheques Deposited But Not Collected എന്ന വകയിൽ 15.01.2019-ലെ 2,000 രൂപയുടെ ചെക്കും ചേർത്തിട്ടുണ്ട്.

### 1-2-3 ജേർണൽ ബുക്കിന്റെ പരിശോധനയിലെ അപാകതകൾ

ജേർണൽ ബുക്കിന്റെ പരിശോധനയിൽ ധാരാളം കറക്ഷൻ എൻട്രികൾ വരുത്തിയിട്ടുള്ളതായി കാണുന്നു. സാംഖ്യാ സോഫ്റ്റ് വെയറിൽ വരവുചെലവുകൾ രേഖപ്പെടുത്തുമ്പോഴും ജേർണൽ എൻട്രികൾ വരുത്തുമ്പോഴും കൃത്യമായ ഹെഡുകൾ തിരഞ്ഞെടുക്കാത്തതുകൊണ്ടും സമയബന്ധിതമായി അക്കൗണ്ടിങ്ങ് എൻട്രികൾ

വരുത്താതുകൊണ്ടാണ് ഇത്തരത്തിൽ വളരെ കൂടുതലായി കറക്ഷൻ ജേർണൽ എൻട്രികൾ ആവശ്യമായിവരുന്നത്. അക്കൗണ്ടിങ്ങ് എൻട്രികൾ കൃത്യതയോടെ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2-4 വാർഷിക കണക്കുകളിലെ ന്യൂനതകൾ

1) ഓഡിറ്റിന് സമർപ്പിച്ച ക്യൂബിൽ റിപ്പോർട്ട് പ്രകാരം 2019-20 ൽ വിവിധ ഫണ്ടിനങ്ങളിലായി 17,44,827/- രൂപ ക്യൂ ബില്ലായിട്ടുണ്ട്. എന്നാൽ ഈ തുകകൾ ലയബിലിറ്റി ഹെഡിലേക്ക് മാറ്റിയിട്ടില്ല. തൻ വർഷം പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും ക്യൂ ബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി / ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.

2) ഇ-ടെണ്ടർ ബിഡ് സമർപ്പണ ഫീസിനത്തിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ തനത് വരുമാനം കേരള ഗ്രാമീൺ ബാങ്കിലും, പടന്ന സർവ്വീസ് സഹകരണ ബാങ്കിലും ആണ് നിക്ഷേപിക്കുന്നത്. കൂടാതെ ഓൺലൈൻ ട്രാൻസാക്ഷനായി എസ്. ബി .ഐ. ബാങ്കിലും അക്കൗണ്ട് സൂക്ഷിക്കുന്നു.

4) ജനനമരണ വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്ഥാപനം കൈപ്പറ്റുന്ന അപേക്ഷാ ഫീ, രജിസ്ട്രേഷൻ ഫീ, പിഴ, പകർപ്പ് ഫീ എന്നീ വരവുകൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മേൽ പരാമർശിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലെ വരവ് ചെലവുകൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

## 1-2-5 ചെലവിന്റെ കണക്കുകളിലെ വ്യത്യാസത്തിന് വിശദീകരണം നല്കിയിട്ടില്ല.

| ഫണ്ടിനം | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | ധനകാര്യ പത്രിക പ്രകാരം ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 92,07,795 | 85,06,641 |
| വികസനഫണ്ട്(എസ്.സി.പി) | 13,28,893 | 13,14,187 |

## 1-2-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 29,69,521/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 60,92,676/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-2-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തനത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് യഥാർത്ഥത്തിലുള്ള ആസ്തിമൂല്യം പ്രതിഫലിപ്പിക്കുന്നതിന് വാർഷിക കണക്കിന് സാധിച്ചിട്ടില്ല.

## 1-2-8 ബാലൻസ് ഷീറ്റിലെ പ്രധാന അപാകതകൾ

1) വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects(For Capital Expenditure)-From Block Panchayaths | 210847 |
| Contribution For Joint Venture Projects (For Revenue Expenditure)-From Block Panchayaths | 25398 |
| Contribution For Joint Venture Projects (For Capital Expenditure)-From District Panchayaths | 449654 |
| Contribution For Joint Venture Projects (For Revenue Expenditure)-From District Panchayaths | 145000 |

2) ബാലൻസ് ഷീറ്റിലെ ബി 9 പത്രിക പ്രകാരം 350410101 നമ്പർ ശീർഷകത്തിൽ വസ്തുനികുതി മുൻകൂർ ഇനത്തിൽ 130566/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുക ഏതെല്ലാം ഡിമാന്റുകളിലേക്ക് ക്രമീകരിക്കേണ്ടതാണെന്ന വിവരം സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ ഡിമാന്റ് ഇല്ലാത്തവർക്ക് തിരികെ നൽകേണ്ട തുക സംബന്ധിച്ചും സ്ഥാപനത്തിൽ രേഖകളില്ല.

3) ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 20 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ 9 ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രീസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രീസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 7,54,838/- ആണെങ്കിലും അതിന്റെ ഡിപ്രിസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 7,67,214/ ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ആസ്തി ഹെഡിനും അനുയോജ്യമായ ഡിപ്രീസിയേഷൻ ഹെഡിൽ മാത്രം ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്യേണ്ടതും ആസ്തികളുടെ കാലപ്പഴക്കം അനുസരിച്ച് ഡിപ്രിസിയേഷന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

4) ഷെഡ്യൂൾ B-17 പ്രകാരം പടന്ന SCB-യിലെ സാക്ഷരതാ ബാങ്ക് അക്കൗണ്ടിൽ 81,813 (Code-450630103) ബാലൻസ് ഉണ്ട്. പ്രത്യേക ഉദ്ദേശത്തിനുള്ള ഫണ്ട് ആയിരുന്നിട്ടും ആയത് ഷെഡ്യൂൾ B-4 -ൽ കാണിച്ചിട്ടില്ല. ഈ അപാകതക്ക് കാരണം വ്യക്തമല്ല.

5) ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി- 9 ( 350800101 ) Liability In Respect Of Stale Cheques - ഹെഡിൽ ഉള്ള 1,06,979/- രൂപയുടെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

6) മുൻകൂർ നൽകിയ തുക ( ബി- 9- Code No 460100103, 460100105, 460500501) സമയബന്ധിതമായി ക്രമീകരിക്കാൻ നടപടിയില്ല.

7) കറന്റ് ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, ഹോണറേറിയം എന്നീ ഇനങ്ങളിൽ തൻ വർഷത്തെ ചെലവ് അടുത്ത സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് B-9 ഷെഡ്യൂളിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

## 1-2-9 രജിസ്റ്ററുകൾ വേണ്ട വിധം പരിപാലിച്ചിട്ടില്ല

എ) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ അലക്ഷ്യമായും അവ്യക്തമായുമാണ് എഴുതിയിരിക്കുന്നത്. രജിസ്റ്ററുകളിൽ സംഗ്രഹം എഴുതുകയോ മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകകൾ അടുത്ത വർഷത്തേക്ക് കൃത്യമായി ക്യാരി ഓവർ ചെയ്യുകയോ ചെയ്തിട്ടില്ല. തന്മൂലം ഈ രജിസ്റ്ററുകൾ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാനാവില്ല. അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് തുകകളുടെ

പേയ്മെന്റ് വൗച്ചർ നമ്പർ എഴുതുന്നില്ല. അതു പോലെത്തന്നെ അഡ്വാൻസ് തിരിച്ചടവുകൾ രേഖപ്പെടുത്തുമ്പോൾ രശീതി വൗച്ചറുകളുടെ നമ്പരുകളും രേഖപ്പെടുത്തുന്നില്ല.

ബി) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

സി) ആസ്തി രജിസ്റ്റർ- ആസ്തി രജിസ്റ്റർ കാലഹരണപ്പെട്ടിട്ടുണ്ട്. വർഷങ്ങളായി ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ വരുത്തുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിലെ വിവരങ്ങളും കാലികമല്ല. തന്മൂലം ആസ്തി രജിസ്റ്റർ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാനാവില്ല.

## 1-2-10 പ്രതിമാസ അക്കൗണ്ടുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്തിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10 ാം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 1,93,39,359 |
| വരവ് | 5,96,28,275 |
| ആകെ | 7,89,67,634 |
| ചെലവ് | 5,66,58,754 |
| നീക്കിയിരിപ്പ് | 2,23,08,880 |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം

ഫണ്ട് വിനിയോഗം

എ) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം (സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക ഉൾപ്പടെ)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9319846 | 9319846 | 9207795 | 112051 | 98.8 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4470294 | 4470294 | 1328893 | 3141401 | 29.7 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7664000 | 7664000 | 4835275 | 2828725 | 63 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3246000 | 3246000 | 2644329 | 601671 | 81 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7659889 | 7659889 | 3435245 | 4224644 | 41 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 0 | 32360029 | 32360029 | 20735677 | 11266422 | 64.07 |

441866

(സമയബന്ധിതമായി ചെലവഴിക്കാൻ സാധിക്കാതെ ലാപ്സായ തുക ₹1,12,66,422. ഓഡിറ്റിന് സമർപ്പിച്ച ക്യൂബിൽ റിപ്പോർട്ട് പ്രകാരം 2019-20 ൽ വിവിധ ഫണ്ടിനങ്ങളിലായി 17,44,827/- രൂപ ക്യൂ ബില്ലായിട്ടുണ്ട്. വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹7,01,154 (ജനറൽ) , ₹14,706 (ടി.എസ്.പി) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

ബി) ഫണ്ട് വിനിയോഗം റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

441866

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8506641 | 8506641 | 8506641 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1314187 | 1314187 | 1314187 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4835275 | 4835275 | 4835275 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2644329 | 2644329 | 2644329 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3435245 | 3435245 | 3435245 | 0 |
| തൊഴിൽ രഹിത വേതനം | 0 | 960 | 960 | 960 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 542000 | 542000 | 542000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് ഗ്രാന്റ് * | 5441866 | 8866002 | 14307868 | 12564993 | 1742875 |

*ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ തൻ വർഷം 8866002 രൂപയാണ് ലഭിച്ചത്. മുന്നിരുപ്പ് തുകയിലും നീക്കിയിരുപ്പ് തുകയിലും മറ്റ് ഫണ്ടുകളിൽ ലഭിച്ച തുക ഉൾപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 151 | 51 | 50 | 50 | 33.77 |

ബി)നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 18 | 3054717 | 15 | 1513516 | 49.54 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 2504614 | 5 | 990513 | 39.54 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 70 | 29989448 | 37 | 11754696 | 39.19 |
| 4 | കൃഷി ഓഫീസർ | 4 | 2325620 | 4 | 2147489 | 92.34 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 14942091 | 11 | 6220979 | 41.63 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 4771885 | 7 | 3741098 | 78.4 |
| 7 | വെറ്റനറി സർജ്ജൻ | 8 | 2437690 | 7 | 1481075 | 60.75 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 400000 | 1 | 400000 | 100 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 7 | 1476954 | 7 | 1138600 | 77.09 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 200000 | 1 | 200000 | 100 |
| 11 | പ്രധാനാധ്യാപകൻ | 10 | 1594800 | 5 | 811275 | 50.87 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1150000 | 1 | 958736 | 83.36 |
| | ആകെ | 151 | | 101 | | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13371 | 1160687 | 1174058 | 814367 | 359691 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 30180562 | 30180562 | 30180562 | 0 |
| ആകെ | 13371 | 31341249 | 31354620 | 30994929 | 359691 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 694 പദ്ധതികളുൾപ്പെടുന്ന 22 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 126 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 110370 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 282 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1680 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 2651400 | 446 |
| വിധവാപെൻഷൻ | 6348000 | 1110 |
| വാർദ്ധക്യകാലപെൻഷൻ | 6404700 | 1195 |
| വികലാംഗപെൻഷൻ | 1861600 | 334 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 75600 | 12 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-07-2021 തീയ്യതിയിൽ 3.20 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1,471/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം നേഴ്സറി ടീച്ചർ | 1 |
| 9 | പാർട്ട് ടൈം നേഴ്സറി ആയ | 1 |
| 10 | ഫുൾ ടൈം ലൈബ്രേറിയൻ | 1 |

09.10.2019 ലെ ഉത്തരവ് നം 13/2019പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക് അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് പരാമർശങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 19 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 17 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരെക്കൂടി പങ്കെടുപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 11 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

<u>കൺട്രോൾ ഓവർ അക്കൗണ്ട്</u>

അക്കൌണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രീകൾ അതാതു സമയത്തെ മേലുദ്യോഗസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. ആയതു് പഞ്ചായത്തിന്റെ വരവ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുമുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡി.കളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്.

<u>ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം</u>

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

<u>നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം</u>

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

<u>കൺട്രോൾ ഓവർ പ്രൊക്യുർമെന്റ്.</u>

പടന്ന ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2019-20 വർഷത്തിൽ ആകെ അഞ്ച് തവണ യോഗം (15.07.2019, 05.09.2019, 10.10.2019, 04.11.2019, 20.12.2019) ചേർന്നിട്ടുണ്ട്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ചുവടെ പറയുന്ന ജീവനക്കാരുടെ ശമ്പളം ജി.ഒ (പി) നം 85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, പ്രകാരം പരിഷ്കരിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | അംഗീകാരം വാങ്ങാനുള്ള ശമ്പള പരിഷ്കരണം |
|---|---|---|---|
| 1 | ശ്രീ.അനിൽകുമാർ. പി.വി. | സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016. |
| 2 | ശ്രീമതി.റീന ലക്ഷ്മണൻ | സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം 85/2011/Fin തീയതി 26.02.2011,<br>ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016. |

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 25.10.2010 മുതൽ 4.11.2010വരെ | 2005-2006 മുതൽ 2009-10വരെ | 3.12.2010 |
| പെർഫോമെൻസ് ഓഡിറ്റ് | 17.01.2019 | 10/2018മുതൽ 12/2018വരെ | 17.01.2019 |

1-11 ഓഡിറ്റ് റിപ്പോർട്ട്- ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച.

1) കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(1) ൽ നിർദ്ദേശിച്ച പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ പഞ്ചായത്ത് എടുത്ത

തീരുമാനം രണ്ടാഴ്ചക്കുള്ളിൽ പെർഫോമൻസ് ആഡിറ്റർക്ക് അയച്ചുകൊടുക്കേണ്ടതും റിപ്പോർട്ടിന്മേൽ പഞ്ചായത്ത് കൈക്കൊള്ളേണ്ട നടപടികളെപ്പറ്റി ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നല്കേണ്ടതും മേൽ നടപടികൾ നിരീക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം റിപ്പോർട്ട് അയച്ചു കൊടുക്കുകയോ ആവശ്യമായ മാർഗനിർദ്ദേശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2) പ്രസ്തുത ചട്ടങ്ങളിലെ 15(2) ചട്ടം അനുശാസിക്കുന്ന പ്രകാരം, ഓഡിറ്റ് റിപ്പോർട്ട്, പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമ സഭകളിൽ ചർച്ചക്ക് വെക്കുകയുണ്ടായിട്ടില്ല.

3)പഞ്ചായത്ത് രാജ് നിയമ പ്രകാരം വരവുകളുടെ തിട്ടപ്പെടുത്തലും ഈടാക്കലും, ചെലവുകളുടെ ആദ്യ ഓഡിറ്റും നടത്തേണ്ടത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയാണ്. വരവു ചെലവുകളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ബാധ്യതപ്പെട്ട ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി, പഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരിഗണനക്ക് വിധേയമാക്കുകയോ സ്റ്റാന്റിങ്ങ് കമ്മറ്റി യോഗം റിപ്പോർട്ട് ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ പരിഗണനക്ക് അനിവാര്യമായും വിധേയമാക്കേണ്ടതാണ്. നിലവിൽ ഗ്രാമപഞ്ചായത്തിൽ 1995-96 മുതലുള്ള 24 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നല്കുന്ന നിർദ്ദേങ്ങൾക്കും അർഹമായ പ്രാധാന്യം സ്ഥാപനം നല്കുന്നില്ലെന്ന് മേൽ വസ്തുതകൾ വെളിവാക്കുന്നു. ഉദ്യോഗസ്ഥർ മുതൽ ഭരണസമിതി വരെയുള്ള വിവിധ തലങ്ങളിലെ ജാഗ്രതക്കുറവാണ് അപാകതകൾ ആവർത്തിക്കാൻ കാരണമെന്നു കാണാം. വിവിധ റിപ്പോർട്ടുകളിലായി പരാമർശിച്ചതും നിലവിലും ആവർത്തിക്കുന്നതുമായ അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതും സ്വീകരിച്ച നടപടിയുടെ വിശദാംശം ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്. ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വിവിധ വിഷയങ്ങളിലെ നിലവിലെ അവസ്ഥ വിശദമാക്കിയതും പരിഹരിക്കുന്നതിനായുള്ള നിർദ്ദേങ്ങൾ ഉൾപ്പെടുത്തിയതും കൂടി കാണുക. കൂടാതെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## <u>1-12 തൊഴിൽ നികുതി - അപാകതകൾ</u>

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുകയുണ്ടായി. വിശദവിവരം ചുവടെകൊടുക്കുന്നു.

1) <u>ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.</u>

2019-20 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1 | വി പി അബ്ദുൾ റഷീദ് അറ്റന്റർ | ഗവ. ആയുർവേദ ഡിസ്പെൻസറി പടന്ന | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | സതീശൻ കെ അഗ്രികൾച്ചർ അസിസ്റ്റന്റ് | കൃഷി ഭവൻ പടന്ന | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) <u>സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.</u>

2019-20 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദ വിവരം കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ജില്ലാ സഹകരണ ബാങ്ക്, പടന്ന ബ്രാഞ്ച് | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | പടന്ന സർവ്വീസ് സഹകരണ ബാങ്ക്, പടന്ന | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | അൽ സഫർ ഫ്യുവൽസ്, പടന്ന | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | ബി.എസ്.എൻ.എൽ ഓഫീസ്, പടന്ന | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | പടന്ന അഗ്രികൾച്ചറിസ്റ്റ് വെൽഫേർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | റാസ ഹൈപ്പർ മാർക്കറ്റ്, ഓരിമുക്ക് | ഒന്നും രണ്ടും അർദ്ധവർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) <u>അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ ഈടാക്കിയിട്ടില്ല.</u>

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ (I)വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ ചുവടെ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1) ജി എസ് ജഹാംഗീർ പടന്ന, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ

2) എം വി കുഞ്ഞികൃഷ്ണൻ മാച്ചിക്കാട്, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ

3) എം വി ബാലകൃഷ്ണൻ തോട്ടുകര, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4) <u>മണൽ വാരൽ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ജോലിചെയ്യുന്ന ചുവടെ ചേർത്തിട്ടുള്ള മണൽ വാരൽ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | തൊഴിലാളിയുടെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|---|
| 1 | കെ സന്ദൂപ് | 18,144/- | 180/- | 2019-20 ഒന്നാം അർദ്ധ വർഷം |
| 2 | അഭിജിത്ത് പി വി | 61,093/- | 600/- | 2019-20 ഒന്നാം അർദ്ധ വർഷം |
| 3 | രാജൻ കെ | 44119/- | 300/- | 2019-20 ഒന്നാം അർദ്ധ വർഷം |
| 4 | ലക്ഷ്മി എം | 12699/- | 180/- | 2019-20 ഒന്നാം അർദ്ധ |

| | വർഷം |
|---|---|

മേൽ പരാമർശിച്ച തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5) വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ചുവടെ ചേർത്തിട്ടുള്ള വ്യാപാരികളിൽ നിന്നും 2019-20ലെ ഒന്നും രണ്ടും അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

I) എ കെ അഷറഫ് ,പി വി ഖാലിദ് ഹാജി & കമ്പനി, ലൈസൻസ് നം. ബി5-952/2019-20

II) നമിത കെ, നമിത സ്റ്റോർ ഉദിനൂർ, ലൈസൻസ് നം. ബി5-1029/2019-20

മേൽ പരാമർശിച്ച വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് കൊണ്ട് 26.07.2021 തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/19-20) പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റേയും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റേയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-13 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതിഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2019-20സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് (Code No 230100101) | 9,80,669 |
| വാട്ടർ ചാർജ്ജ് (Code No 230110101) | 1,42,330 |
| ആകെ | 11,22,999 |

ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 കളക്ഷൻ തുക ഒടുക്കുന്നതിൽ കാലതാമസം

കേരള ഫിനാൻഷ്യൽ കോഡ് വകുപ്പ് 7(2)പ്രകാരം കളക്ഷൻ തുക അന്നേ ദിവസംതന്നെയോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ പണം ഒടുക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| രസീതി ബുക്ക് നം. | പിരിവ് തീയതി | ഒടുക്കിയ തീയതി | തുക |
|---|---|---|---|
| 37956 | 29.09.2019 | 05.10.2019 | 53,750 |
| | | | |

| | | | |
|---|---|---|---|
| 37957 | 05.10.2019 | 14.10.2019 | 52,750 |
| 37959 | 09.10.2019 | 14.10.2019 | 59,250 |
| 37960 | 10.10.2019 | 14.10.2019 | 57,000 |
| 37961 | 15.102019 | 21.10.2019 | 55,750 |
| 37963 | 27.12.2019 | 20.01.2010 | 43,000 |
| 51371 | 28.12.2019 | 20.01.2020 | 29,150 |

പിരിവ് തുക വൈകി ഒടുക്കിയതിന് വിശദീകരണം നൽകേണ്ടതാണ് . ഭാവിയിൽ ഇത്തരം വിഴ്ചകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/2019-20 തീയതി 26.07.2021)

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തി ലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ, സാമ്പത്തിക വർഷത്തിൽ 420 അപേക്ഷകരിൽ നിന്നായി ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത് ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്കല്ല.

മേൽ അപാകത പരിഹരിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 പുഴ പുറമ്പോക്ക് ആസ്തികളെ സംബന്ധിച്ച രേഖകളില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും, നദികളുടെ തടങ്ങളും തീരങ്ങളും, തടാകങ്ങളും ചെറുകായലുകളും, നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാജലവും നീരുറവകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. മേൽ വകുപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്ന അവകാശങ്ങളും ബാദ്ധ്യതകളും നിർവ്വഹിക്കുന്നതിന് സഹായകമാകും വിധം ഗ്രാമപഞ്ചായത്ത് പുഴപുറമ്പോക്കുകളെ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അതിരിലൂടെ ഒഴുകുന്ന കവ്വായി കായലിന്റെയും, ഏർപുഴയുടെയും മറ്റ് ചെറുപുഴകളുടെയും തീരങ്ങളിൽ കയ്യേറ്റങ്ങൾ ഉണ്ടോ എന്നും പുഴപുറമ്പോക്ക് ഭൂമി ഉണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 242-ാം വകുപ്പും 1996ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ പ്രകാരവും റവന്യൂ വകുപ്പിന്റെ സഹായം ലഭ്യമാക്കി, പുഴ പുറമ്പോക്കുകൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ അവ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 പ്രൊബേഷൻ -ഇൻക്രിമെന്റ് അനുവദിച്ചതിലെ അപാകത.

കേരള സർവ്വീസ് റൂളിലെ റൂൾ 31 ലെ ഗവൺമെന്റ് ഡിസിഷൻ നമ്പർ 2 പ്രകാരം പ്രൊബേഷൻ കാലയളവ് പൂർത്തീകരണത്തെ തുടർന്നുള്ള ഇൻക്രിമെന്റ് പ്രൊബേഷൻ പൂർത്തീകരിച്ച തീയതി മുതൽ മാത്രമാണ് നൽകേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ജോലിചെയ്യുന്ന ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് ഈ നിബന്ധന പാലിക്കാതെ പ്രൊബേഷൻ പൂർത്തീകരിച്ച മാസത്തിലെ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ അനുവദിച്ചിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. ആയതിനാൽ ഈ ജീവനക്കാരിൽ നിന്നും അധികം നൽകിയ ശമ്പളം തിരികെ ഈടാക്കണം. (ഓഡിറ്റ് എൻക്വയറി നം. 12 തിയതി 28.07.2021).

| ക്രമ | ജീവനക്കാരന്റെ | പ്രൊബേഷൻ | ഇൻക്രിമെന്റ് | ഇൻക്രിമെന്റ് | അധികം നൽകിയ |
|---|---|---|---|---|---|

| നം | പേര്, തസ്തിക | പൂർത്തീകരിച്ച തീയതി | അനുവദിക്കേണ്ട തീയതി | അനുവദിച്ച തീയതി | ശമ്പളം |
|---|---|---|---|---|---|
| 1 | ഷൈജ്ജ.കെ, ക്ലാർക്ക് | 14.11.2019 FN (ഉത്തരവ് നം DDP-KSD/1873/2020-SC5 Dt 17.11.2020) | 14.11.2019 | 01.11.2019 ( ശമ്പളം- 27900/-) | 01.11.2019 മുതൽ 13.11.2019 വരെയുള്ള 13 ദിവസത്തേക്ക് 700/-രൂപ നിരക്കിൽ + DA |
| 2 | രതി.കെ.വി, ക്ലാർക്ക് | 12.01.2017 FN (ഉത്തരവ് നം A5-1882/2017/KDis Dt 05.04.2017) | 12.01.2017 | 01.12.2017 ( ശമ്പളം- 20000/-) | 01.01.2017 മുതൽ 11.01.2017 വരെയുള്ള 11 ദിവസത്തേക്ക് 500/-രൂപ നിരക്കിൽ + DA |

## 1-18 കാർഷിക മേഖലയിലെ പദ്ധതികൾ- നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ കൃഷി ഓഫീസർ
2019-20 വർഷത്തിൽ കാർഷിക മേഖലയിൽ 4 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നാളികേര വികസനം വളം-കുമ്മായം വിതരണം (1/20), നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി(4/20), നെൽകൃഷി വികസന പദ്ധതി(2/20), നേന്ത്രവാഴകൃഷി വികസനം (3/20) തുടങ്ങിയ വിവിധങ്ങളായ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) സ.ഉ (സാ ധാ) നം. 1009/2020/ത.സ്വ.ഭ.വ/29.05.20 പ്രകാരമുള്ള സബ്സിഡി മാർഗരേഖ ഭേദഗതി ഖ. 2.5.5അനുസരിച്ച് വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്. എന്നാൽ പദ്ധതികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ വിള ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും, പദ്ധതി പൂർത്തീകരണ പത്രം തയ്യാറാക്കലും നടന്നതായി കാണുന്നില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതാണ്. സ.ഉ (കൈ)നം.11/2018/ തസ്വഭവ/29.01.2018 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-6തീയ്യതി 28-7-2021).

## 1-19 ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.

നിർവ്വഹണം -എെ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് -8,25,000/-രൂപ.
പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി – ധനസഹായം – അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/ തസ്വഭവ,തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക – മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സഹായങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്ന ക്ലാസിൽ പഠിക്കുന്നവർക്ക് മിനിമം 5300 രൂപയ്ക്കും മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതി വർഷം 28500 രൂപയ്ക്ക് വരെയും അർഹതയുണ്ട്.

മേഖലയെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് ഇല്ലാത്തതിനാൽ എത്ര പേർ പഞ്ചായത്തിൽ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവരായി ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. തൻ വർഷം 64ഗുണഭോക്താക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 27 പേർ മാനസികവെല്ലുവിളികൾ നേരിടുന്നവരായുണ്ട്. മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് മാത്രം പരമാവധി ഒരുവർഷം 28000 രൂപ നിരക്കിൽ ആകെ 7,56,000 രൂപ സ്കോളർഷിപ്പിന് അർഹതയുണ്ട് എന്നിരിക്കെയാണ് 64ഗുണഭോക്താക്കൾ വേണ്ടി 8,25,000/- രൂപ മാത്രം അടങ്കലായി പ്രോജക്ട്

രൂപീകരിച്ച് നടപ്പാക്കിയത്. തുടർ വർഷങ്ങളിൽ മേഖലയെ സംബന്ധിച്ച കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയത് പ്രകാരം ഭിന്നശേഷിയിൽപ്പെട്ട അർഹരായവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകാൻ കഴിയുന്ന മുഴുവൻ സഹായങ്ങൾക്കും ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കി മേൽ അപാകത പരിഹരിക്കേണ്ടതാണ്.

## 1-20 തുല്യത പരീക്ഷ - രജിസ്ട്രേഷൻ, കോഴ്സ് ഫീസ് നല്കൽ- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 0172/2019 |
| പ്രോജക്ടിന്റെ പേര് | തുല്യത പരീക്ഷ – രജിസ്ട്രേഷൻ, കോഴ്സ് ഫീസ് നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.യു.പി.സ്കൂൾ പടന്ന |
| അടങ്കൽ | 1,41,800/- തനത് ഫണ്ട് |
| ചെലവ് തുക | 1,41,800/-രൂപ |
| ചെക്ക് നമ്പർ, തീയ്യതി | 5262421 തീയതി 28-02-202 തുക 51,800/-രൂപ |
| | 5262411 തീയതി 11-02-2020 തുക 90,000/-രൂപ |
| ആകെ | 1,41,800/-രൂപ |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ തുല്യത പരീക്ഷ -രജിസ്ട്രേഷൻ, കോഴ്സ് ഫീസ് നല്കൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പത്താംതരം തുല്യത കോഴ്സിൽ ചേർന്ന 28 പഠിതാക്കൾക്കും, ഹയർ സെക്കൻഡറി തുല്യത കോഴ്സിൽ ചേർന്ന 36 പഠിതാക്കൾക്കും കോഴ്സ് ഫീസ് നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും 1,41,800/-രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | പത്താംതരം തുല്യത പഠിതാക്കളുടെ കോഴ്സ് ഫീസ് നൽകുന്നതിനായി ഒരു പഠിതാവിന് 1850/- രൂപ നിരക്കിൽ 28 പഠിതാക്കളുടെ തുക ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നൽകിയത് 51800 രൂപ | |
| 2 | ഹയർ സെക്കൻഡറി തുല്യത പഠിതാക്കളുടെ കോഴ്സ് ഫീസ് നൽകുന്നതിനായി ഒരു പഠിതാവിന് 2,500/- രൂപ നിരക്കിൽ 36 | 90,000/- |

| | | |
|---|---|---|
| | പഠിതാക്കളുടെ തുക ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നൽകിയത് | |
| | ആകെ | 1,41,800/- |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കോഴ്സ് ഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് കൈമാറിയ തുകയായ 1,41,800/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ഇരു വിഭാഗങ്ങളിലുമായി ആകെ രജിസ്റ്റർ ചെയ്ത 64 പഠിതാക്കളിൽ പരീക്ഷ എഴുതിയവരുടേയും പാസ്സായവരുടേയും സർട്ടിഫിക്കറ്റ് വിതരണം ചെയ്തവരുടേയും എണ്ണം സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1,41,800/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (26.07.2021 തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറി നം. 04/19-20)

## 1-21 ആർജിത അവധി കണക്കിൽ അപാകത.

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരിയായ ശ്രീമതി. സന്ധ്യ.എം, സീനിയർ ക്ലാർക്ക് 29.04.2019 മുതൽ 30.05.2019 വരെയുള്ള 32 ദിവസം ആർജിത അവധിയിലായിരുന്നു (സേവന പുസ്തകം പേജ് നം 27 പ്രകാരം). എന്നാൽ ശ്രീമതി. സന്ധ്യ.എം, സീനിയർ ക്ലാർക്കിന്റെ സേവന പുസ്തകത്തിൽ ( പേജ് നം114, 115) 01.04.2019 മുതൽ 15.11.2019 വരെയുള്ള ആർജിത അവധി കണക്കാക്കിയപ്പോൾ ജീവനക്കാരി ഡ്യൂട്ടിയിൽ ഇല്ലാതിരുന്ന 32 ദിവസം കുറവ് ചെയ്തിട്ടില്ല. ആയതിനാൽ ജീവനക്കാരിയുടെ ആർജിത അവധി അക്കൗണ്ടിൽ അധികമുള്ള $2^{10/11}$ ദിവസം ($32/11= 2^{10/11}$) ദിവസം കുറവ് ചെയ്ത് ആർജിത അവധിയുടെ കണക്ക് ക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 11 തിയതി 28.07.2021).

## 1-22 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

<u>ഭാഗം -4</u>

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 19-07-2021 & 20-07-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 148750 | നെൽകൃഷി - കൂലി ചെലവ് | 148750 | - |
| | 2019-20 | 100000 | സാന്ത്വന പരിചരണം | 94484 | 5516 |
| | 2018-19 | 1000000 | ഉദിനൂർ ഗ്യാസ് ക്രിമറ്റോറിയം | 0 | 1000000 |
| | 2019-20 | 175000 | Disabled Scholarship | 175000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 148750 | നെൽകൃഷി - കൂലി ചെലവ് | 148750 | - |
| | 2019-20 | 100000 | Paliative Care | 99918 | 82 |
| | 2019-20 | 100000 | Disabled Scholarship | 100000 | - |
| | 2018-19 | 1500000 | Udinur Gas Crematorium | 0 | 1500000 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| KSEB | Streetline Extension | 181 Dtd: 3/2/20 | 46529 | - | 46529 |
| KSEB | Streetline Extension-SC Colony | 185, 186 Dtd: 5/2/20 | 72523 | - | 72523 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ | GO(MS) 68/18 തീയതി18/05/2018, GO(MS) 100/18 തീയതി 30/07/18, GO(MS) 110/18 തീയതി 13/08/2018 | 26,80,000 | 62,71,018 | 5,73,530 | 0 | 83,77,488 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷം | 2019-20 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30,00,000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 2,47,500 |
| ആകെ | 32,47,500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 32,47,500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയ്യതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പടന്ന സർവ്വീസ് സഹകരണ ബാങ്ക് | 12.09.2019 | 12.09.2020 | 10,82,500 | റസീറ്റ് നം. 1364 |
| 2 | പടന്ന സർവ്വീസ് സഹകരണ ബാങ്ക് | 12.09.2019 | 12.09.2020 | 10,82,500 | റസീറ്റ് നം. 1365 |
| 3 | പടന്ന സർവ്വീസ് സഹകരണ ബാങ്ക് | 12.09.2019 | 12.09.2020 | 10,82,500 | റസീറ്റ് നം. 1366 |
| | | | ആകെ | 32,47,500 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3676/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2007-08 | 3(2) | 30 | Kamalakshi, Clerk |
| 2007-08 | 3(2) | 33 | Ajayan,Clerk |

| | | | |
|---|---|---|---|
| 2007-08 | 3(2) | 24 | Ajayan, Clerk |
| 2007-08 | 3(2) | 10 | Rajesh, Clerk |
| 2018/19 | 2(1) | 3579 | Ahammed, Seethinte Veetil, Udinur |
| | ആകെ | 3676/- | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 (Plan) | ഖ.32 | 2003-04 | 3-14-3-7 | പവർടില്ലർ വാങ്ങിയത് | പഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയ മറുപടി ഹെഡ്ഡോഫീസിനെ 9-11-2015ന് അറിയിച്ചിട്ടുണ്ട്. തുടർ നിർദ്ദേശങ്ങൾ ലഭ്യമായിട്ടില്ല. |
| 2006-07 | 3.2 | 2010-11 | 2-14 | KSEBയിൽ തുക നിക്ഷേപിച്ചത് യു.സി ഇല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി<br>തടസ്സം ഒഴിവാക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. സമിതി (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 2014-15 | 2014-15 ഖ.<br>2-1,2-2,<br>2.6*, 2.7*, 2.8*, 2.9*, 2.10* | 2016-17 | അധ്യായം 1<br>അനുബന്ധം 3 | വസ്തു നികുതി പരാമർശങ്ങൾ | തടസ്സം തുടരുന്നു.<br>(2.6, 2.7, 2.8, 2.9, 2.10 എന്നീ ഖണ്ഡികകൾ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ടവയാണ്. തിരുത്തൽ പത്രിക പുറപ്പെടുവിക്കാൻ ഡയറക്ടറേറ്റിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്.) |
| 2015-16 | 2-4 | 2016-17 | അധ്യായം 2<br>അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | തടസ്സം തുടരുന്നു |
| തദ്ദേശ സ്ഥാപനങ്ങളിലെ ഈ ഗവേൺൻസ് സംവിധാനം-പ്രത്യേക അവലോകന റിപ്പോർട്ട് 2017-18 | - | 2017-18 | 2-1<br>(പേജ് 307to 320 & 467 To 482) | സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള കമ്പ്യൂട്ടറുകൾ ഇല്ല | മറുപടി ലഭ്യമാക്കിയിട്ടില്ല .<br>പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 5,96,28,275 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 5,66,58,754 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 1,41,800 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹ 1,41,800 | ബാലകൃഷ്ണൻ നാരോത്ത് |
| ആകെ | ₹ 1,41,800 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1995-96 | കെ.എസ്എ.കെ.എസ്.ഡി.3/480/06തീ 09-03-07 | 3 |
| 1996- | കെ.എസ്എ.കെ.എസ്.ഡി.9/48/16(2) | 5 |

| | | |
|---|---|---|
| 97 | തീ19.03.16 | |
| 1997-98 | കെ.എസ്എ.കെ.എസ്.ഡി.9/48/16(3) തീ19.03.16 | 2 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി.5/48/00തീ 25.07.2000 | 5 |
| 1999-00 | കെ.എസ്എ.കെ.എസ്.ഡി.9/48/16(4) തീ19.03.16 | 8 |
| 2000-01 | കെ.എസ്എ.കെ.എസ്.ഡി.9/48/16(5) തീ19.03.16 | 4 |
| 2001-02(P) | കെ.എസ്എ.കെ.എസ്.ഡി.9/48/16(6) തീ19.03.16 | 3 |
| 2002-03 | കെ.എസ്എ.കെ.എസ്.ഡി.9/48/16(7) തീ19.03.16 | 3 |
| 2001-02 | കെ.എസ്എ.കെ.എസ്.ഡി.9/48/16(6) തീ19.03.16 | 2 |
| 2003-04 | കെ.എസ്എ.കെ.എസ്.ഡി.9/48/16(8) തീ19.03.16 | 3 |
| 2004-05 | കെ.എസ്എ.കെ.എസ്.ഡി.9/48/16(9) തീ19.03.16 | 3 |
| 2005-06 | കെ.എസ്എ.കെ.എസ്.ഡി.9/48/16(10)തീ19.03.16 | 2 |
| 2006-07 | KSA/KSD/454/19(1) തീ. 22.06.2019 | 4 |
| 2007-08 | KSA/KSD/454/19(2) തീ. 22.06.2019 | 3 |
| 2008-09 | KSA/KSD/454/19(3) തീ. 22.06.2019 | 3 |
| 2009-10 | KSA/KSD/454/19(4) തീ. 22.06.2019 | 3 |
| 2010-11 | KSA/KSD/454/19(5) തീ. 22.06.2019 | 3 |
| 2011-12, 2012-13 | KSA/KSD/454/19(6) തീ. 22.06.2019 | 4 |
| 2013-14 | KSA/KSD/454/19(7) തീ. 22.06.2019 | 8 |
| 2014-15 | KSA/KSD/454/19(8) തീ. 22.06.2019 | 15 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി 9/1271/16 തീ.23.12.16 | 17 |
| 2016-17 | കെ.എസ്.എ/ കെ.എസ്.ഡി.9/997/17തീ.28.08.17. | 17 |
| 2017-18 | കെ.എസ്.എ/ കെ.എസ്.ഡി-9/215/19.തീ.11.03.2019 | 24 |
| 2018-19 | കെ.എസ്.എ.കെ.എസ്.ഡി-9/175/2020 തീ.24-02-2020 | 17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## റസീറ്റ് & പേയ്മെന്റ് പത്രിക

| | | | |
|---|---|---|---|
| | Padne Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19245216.00 |
| Cash | Cash | RP-40(a) | 94143.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 857100.00 |
| 140000000 | Fees & User Charges | RP-4 | 1529158.00 |
| 150000000 | Sale & Hire Charges | RP-5 | 2175260.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 32310051.00 |
| 171000000 | Interest Earned | RP-9 | 536280.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3236571.00 |
| 350000000 | Other Liabilities | RP-36 | 12379212.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 5513.00 |
| 311000000 | Earmarked Funds | RP-29 | 632.00 |
| 330000000 | Secured Loans | RP-32 | 2680000.00 |
| 340000000 | Deposits Received | RP-34 | 14994.00 |
| 350000000 | Other Liabilities | RP-36 | 396765.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3498739.00 |
| 460000000 | Loans, Advances and Deposits | RP-47 | 8000.00 |
| | Grand total | | 78967634.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3236875.00 |
| 220000000 | Administrative Expenses | RP-12 | 788359.00 |
| 230000000 | Operations & Maintenance | RP-13 | 1357477.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4204921.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 10756337.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4873.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 55993.00 |
| | | | |



| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 752960.00 |
| 255000000 | Maintenance Projects | RP-20 | 1974771.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 19550.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 129500.00 |
| 350000000 | Other Liabilities | RP-36 | 16660889.00 |
| | Non Operating | | |
| [illegible] | [illegible] | RP- | [illegible] |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 1913.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 71709.00 |
| 350000000 | Other Liabilities | RP-36 | 1992259.00 |
| 410000000 | Fixed Assets | RP-38 | 10701214.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 2460000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1489154.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 22308874.00 |
| Cash | Cash | RP-40(b) | 6.00 |
| | Grand Total | | 78967634.00 |



## അനുബന്ധം-4

## ഇൻകം & എക്സ്പെൻഡിച്ചർ പത്രിക

Padne Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4893948.00 |
| 140000000 | Fee & User Charges | I-4(b) | 1657858.00 |
| 150000000 | Sale & Hire Charges | I-5(b) | 2175260.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 75865036.00 |
| 170000000 | Income from Investments | I-7 | 247500.00 |
| 171000000 | Interest Earned | I-8 | 536280.00 |
| 180000000 | Other Income | I-9 | 5513.00 |
| | Total Income | | 85381395.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9593559.00 |
| 220000000 | Administrative Expenses | I-11(b) | 902077.00 |
| 230000000 | Operations & Maintenance | I-12(b) | 1711318.00 |
| 240000000 | Interest & Finance Charges | I-13 | 1913.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4542325.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 42330172.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4873.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 55993.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not | I-14(d) | 18094260.00 |

| | | | |
|---|---|---|---|
| | included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 1974771.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 19550.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 129500.00 |
| | Total Expenditure | | 79360311.00 |
| | Gross Surplus/ Deficit of income over Expenditure | | 6021084.00 |
| 280000000 | Prior Period Item | I-18 | -9787567.65 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 15808651.65 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |



## അനുബന്ധം-5

## ബാലൻസ് ഷീറ്റ്

| Padne Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 558732.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 16701.00 |
| 312000000 | Reserves | B-3 | 66905456.00 |
| | Total Reserve & Surplus | | 67480889.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6389995.00 |
| | Total Grants, Contributions for Specific Purposes | | 6389995.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 8377488.00 |
| | Total Loans | | 8377488.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 146626.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1644068.00 |
| | Total Current Liabilities and Provisions | | 1790694.00 |
| | TOTAL LIABILITIES | | 84039066.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 81319804.00 |
| 411000000 | Accumulated Depreciation | B-11 | -34689935.00 |
| 412000000 | Capital Work in Progress | B-11(a) | 2256209.00 |
| | Total Fixed Assets | | 48886078.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 3247500.00 |
| | Total Investments | | 3247500.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 314022.00 |
| 440000000 | Pre-paid Expenses | B-16 | 8157488.00 |
| | | | |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 22308880.00 |
| 460000000 | Loans, Advances and Deposits | B-18 | 1125098.00 |
| | Total Current Assets, Loans and Advances | | 31905488.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 84039066.00 |